## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 351** — **16.12.2014-ൽ മറുപടിയ്ക്ക്**

# വൈദ്യുതി വിഹിതം സംബന്ധിച്ച് കേന്ദ്ര റഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സിന്റെ സ്ഥിതി.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന് അർഹിക്കുന്ന വൈദ്യുതി വിഹിതം നിഷേധിക്കുന്നത് സംബന്ധിച്ച് കേന്ദ്ര റഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തിന് പുറത്തുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും വൈദ്യുതി വ്യാപാരികളിൽനിന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് കരാർ ചെയ്തിരിക്കുന്ന വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴി അനുവദിക്കാത്തതിന് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിനെതിരെ ഒരു പരാതി കേരള സംസ്ഥാന വൈദ്യുതി ബോർഡ് കേന്ദ്ര റെഗുലേറ്ററി കമ്മീഷന് മുമ്പാകെ 09.05.2014-ന് സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുമേലുള്ള ഇടക്കാല ഉത്തരവ് 08.08.2014 ന് കേന്ദ്രവൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ടി പെറ്റീഷൻ സംബന്ധിച്ചുള്ള വാദം 30.09.2014, 13.10.2014, 15.10.2014, 27.10.2014 തീയതികളിൽ കമ്മീഷനു മുമ്പാകെ നടത്തുകയുണ്ടായി. ടി പെറ്റീഷൻ മേലുള്ള അന്തിമ തീരുമാനം കേന്ദ്രവൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇതുവരെ എടുത്തിട്ടില്ല. |
| (ബി) ഈ കേസ്സ് മനപ്പൂർവ്വം നീട്ടിക്കൊണ്ടുപോകുന്നതിനുള്ള നീക്കം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) റഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സ് തീർപ്പാക്കി സംസ്ഥാനത്തിനർഹമായ വൈദ്യുതി ലഭ്യമാക്കാത്തത് വൈദ്യുതി പ്രതിസന്ധിക്ക് കാരണമാകുന്നതായി കരുതുന്നുണ്ടോ ? | (സി) | ടി പെറ്റീഷൻ തീർപ്പാക്കുന്ന പക്ഷം സംസ്ഥാനത്തിന് എൻ.റ്റി.പി.സി. വൈദ്യുതി വ്യാപാർ നിഗവുമായി കരാറിലേർപ്പെട്ടിട്ടുള്ള 300 മെഗാവാട്ട് വൈദ്യുതി (ശരാശരി 4രൂപ 49 പൈസ നിരക്കിലും) പവർ ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുള്ള 100 മെഗാവാട്ട് വൈദ്യുതി (ശരാശരി 4രൂപ 46 പൈസ നിരക്കിലും) എന്നിവ 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ ലഭ്യമാകുന്നതാണ്. എന്നാൽ ടി വൈദ്യുതി |

കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴി ലഭ്യമല്ലാത്തതിനാൽ, സംസ്ഥാനത്തിന് പുറത്തുനിന്നും കരാർ ചെയ്ത വൈദ്യുതിയുടെ ലഭ്യതയിൽ കുറവുണ്ടെങ്കിലും, ടി കുറവ് ഒരു പരിധി വരെ നിറവേറ്റുന്നത് സംസ്ഥാനത്തിനകത്തുള്ള കായംകുളം താപനിലയവും ബി.എസ്.ഇ,എസ്. നിലയവും പ്രവർത്തിപ്പിച്ചാണ്.

(ഡി) ഈ കേസ്സ് ഉടൻ തീർപ്പാക്കി സംസ്ഥാനത്തിനർഹമായ വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിൽ അധികാരികളുടെ ഭാഗത്തു വീഴ്ചകൾ ഉണ്ടായതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

(ഡി) വീഴ്ചയുണ്ടായിട്ടില്ല.

**സെക്ഷൻ ഓഫീസർ.**